ഉത്തരം

(എ) യു. ജി. സി. സ്കീം നടപ്പിലാക്കിയപ്പോൾ അത് സർവ്വീസിലുണ്ടായിരുന്ന അദ്ധ്യാപകരെ യു. ജി. സി. യോഗ്യതാമാനദണ്ഡത്തിൽ നിന്നും ഒഴിവാക്കിയിരുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

**പത്തനംതിട്ട ചുട്ടിപ്പാറയിലെ എം. എസ്. സി. ഫിഷറീസ് ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സ്**

**111 (2988)** ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ചുട്ടിപ്പാറയിൽ അപ്ലൈഡ് ലൈഫ് സയൻസിൽ എം. എസ്. സി. ഫിഷറീസ് ബയോളജി ആന്റ് അക്വാകൾച്ചർ എന്ന കോഴ്സ് തുടങ്ങിയിട്ടുണ്ടോ ;

(ബി) ഈ കോഴ്സ് കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

(സി) എം. എഫ്. എസ്. സി. എം. എസ്. സി. ഇൻഡസ്ട്രിയൽ ഫിഷറീസ് എന്നി കോഴ്സുകളുമായി ഈ കോഴ്സ് തുല്യപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) ഈ കോഴ്സിന്റെ കാലാവധി 2 വർഷമാണെങ്കിലും 3 വർഷം വരെ ദീർഘിക്കുന്നതാകയാൽ ഇത് 2 വർഷത്തിനകം തീർക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ എം.എസ്.സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സ് നടത്തുന്നുണ്ട്.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.എസ്.സി. ഫിഷറിംഗ് ബയോളജി ആന്റ് അക്വാകൾച്ചർ ഡിഗ്രി കേരള സർവ്വകലാശാലയുടെ എം.എസ്.സി. അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് ഡിഗ്രിക്ക് തുല്യമായി അംഗീകരിച്ചിട്ടുണ്ട്.

(സി & ഡി) സർവ്വകലാശാലയുടെ അക്കാഡമിക് കാര്യങ്ങളായതിനാൽ ബന്ധപ്പെട്ട സർവ്വകലാശാലകളാണ് നടപടി കൈക്കൊള്ളണ്ടേത്.

**കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അനദ്ധ്യാപകരുടെ തസ്തികകളിലെ ഒഴിവുകൾ**

**112 (2989)** ശ്രീ. ഇ. എം. അഗസ്തി :

ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അനദ്ധ്യാപകരുടെ എത്ര തസ്തികകളിൽ ഒഴിവുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവിടെ എത്ര പേരെ കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ഓപ്ഷൻ മുഖേന നിയമിച്ചിട്ടുണ്ട് ;

(സി) കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് കണ്ണൂർ യൂണിവേഴ്സിറ്റിയിലേക്ക് ഓപ്ഷൻ മുഖേന നിയമിക്കപ്പെടാൻ അപേക്ഷ നൽകിയിട്ടുള്ളവരിൽ കണ്ണൂർ സർവ്വകലാശാലയിൽ നിയമനം ലഭിക്കാത്ത എത്ര പേർ ബാക്കിയുണ്ട് ;

(ഡി) അവരെക്കൂടി കണ്ണൂർ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

## കാലിക്കറ്റ് യൂണിവേഴ്സിറ്റി യുവജനോത്സവത്തിലെ കഥാപ്രസംഗ മത്സരത്തിന് നിബന്ധനകൾ

**113 (2990)** ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി യുവജനോത്സവത്തിലെ കഥാപ്രസംഗ മത്സരത്തിന് ഏതൊക്കെ ഓർക്കസ്ട്രാ ഉപയോഗിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് ;

(ബി) മത്സരം തുടങ്ങുന്നതിനു മുൻപ് ഓർക്കസ്ട്ര ഉപയോഗത്തെ സംബന്ധിച്ചും പൊതുവായ നിബന്ധനകൾ സംബന്ധിച്ചും മത്സരത്തിൽ പങ്കെടുക്കുന്നവരെ അറിയിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ;

(സി) ഫലം പ്രഖ്യാപിക്കുന്നതിനു മുൻപ് മത്സരത്തെക്കുറിച്ച് ജഡ്ജസിന്റെ വിലയിരുത്തലുകൾ അറിയിക്കണമെന്നുണ്ടോ ;

(ഡി) 1999-ൽ മണ്ണാർക്കാട് കല്ലടി എം. ഇ. എസ് കോളേജിൽ വച്ച് നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി 'എ' സോൺ കഥാപ്രസംഗമത്സരത്തിൽ പൊതുവായ നിബന്ധനകൾ അറിയിച്ചില്ലെന്നും ജഡ്ജസിന്റെ വിലയിരുത്തലുകൾ മത്സര ഫലപ്രഖ്യാപനത്തിനു മുൻപ് അറിയിച്ചില്ലെന്നുമുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ടോ ;

(ഇ) ഇതേക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ ;

(എഫ്) അമിത ഓർക്കസ്ട്രേഷൻ മൂലം അർഹമായ പലർക്കും ഫലപ്രഖ്യാപനത്തിൽ നീതി കിട്ടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇപ്രകാരം നീതി ലഭിക്കാത്തവർക്ക് മറ്റൊരവസരം നൽകാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly